"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ലൈഫ് മിഷൻ ഭവന പദ്ധതിയിൽ ബാക്കിയുള്ള 26.00 ലക്ഷം രൂപ പി.എം.എ.വൈ പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനോ ലൈഫ് ഭവന വായ്പാ തിരിച്ചടവിനോ ഉപയോഗിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

G.O.(Rt) No.334/2021/LSGD തീയതി,തിരുവനന്തപുരം, 08/02/2021

---

പരാമർശം:-

1. കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 09/01/2020 തീയതിലെ കത്ത്.
2. തൃപ്രങ്ങോട്ടൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 1/11/2019 തീയതിലെ എ1/1013/19-ാം നമ്പർ കത്ത് .
3. കണ്ണൂർ ലൈഫ് മിഷൻ ജില്ലാ കോ-ഓർ ഡിനേറ്ററുടെ 13/02/2020-ലെ എ/785/18/ലൈഫ് നമ്പർ കത്ത്.
4. 25/02/2020 തീയതിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനം.നം.4.28

**ഉത്തരവ്**

ലൈഫ് മിഷൻ ഭവന പദ്ധതിയിൽ ഒന്ന്, രണ്ട് ഘട്ടങ്ങൾ പൂർത്തിയാക്കിയെന്നും മൂന്നാം ഘട്ടത്തിൽ (ഭൂരഹിത ഭവന രഹിതർ) ഒരാൾ മാത്രമാണ് അർഹതയുള്ള ഗുണഭോക്താവ് എന്നും അതിനായി 6 ലക്ഷം രൂപ മാത്രമേ ആവശ്യമുള്ളുവെന്നും അതിനാൽ ബാക്കിയുള്ള 26.00 ലക്ഷം രൂപ പി.എം.എ.വൈ പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനോ ലൈഫ് ഭവന വായ്പാ തിരിച്ചടവിനോ ഉപയോഗിക്കാൻ അനുമതി നൽകണമെന്ന തൃപ്രങ്ങോട്ടൂർ ഗ്രാമ പഞ്ചായത്ത് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (1 )പ്രകാരം കണ്ണൂർ ജില്ലാ പ്ലാനിംഗ് ഓഫീസർ സമർപ്പിച്ചിരുന്നു .

ഈ വിഷയം 25/02/2020 തീയതിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി പരിശോധിയ്ക്കുകയും പരാമർശം (3) പ്രകാരം ലൈഫ് മിഷൻ ജില്ലാ കോ

ഓർഡിനേറ്റർ പരിഗണിക്കാവുന്നതാണെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ ആവശ്യം അംഗീകരിച്ച് ലൈഫ് മിഷൻ ഭവന പദ്ധതിയിൽ ബാക്കിയുള്ള 26.00 ലക്ഷം രൂപ പി.എം.എ.വൈ പ്രകാരമുള്ള ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനോ ലൈഫ് ഭവന വായ്പാ തിരിച്ചടവിനോ ഉപയോഗിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
PATSY STEPHEN
JOINT SECRETARY

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ.

പഞ്ചായത്ത് ഡയറക്ടർ.

ജില്ലാ പ്ലാനിംഗ് ഓഫീസർ, കണ്ണൂർ.

സെക്രട്ടറി, തൃപ്രങ്ങോട്ടൂർ ഗ്രാമ പഞ്ചായത്ത്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by
REENAMMA P K
Date: 2021.02.09 12:50:16 IST
Reason: Approved
സെക്ഷൻ ഓഫീസർ